# വിളിയും ഉത്തരവും

## ലൂക്കാ 1.26-38

---

സന്ദർഭം:
ആരാധനക്രമവത്സരത്തിലെ ആഗമനകാലം ജനിക്കാനിരിക്കുന്ന 'ശിശു'വിലേക്ക് നമ്മുടെ ശ്രദ്ധ തിരിയ്ക്കുന്നു - ആ ശിശുവിന്റെ ജനനം പ്രവചിക്കപ്പെടുകയും (1:31) വിവരിയ്ക്കപ്പെടുകയും (1:35) ചെയ് യ്യുന്നു; വിളിക്കപ്പെടാനിരിയ്ക്കുന്ന പേരും (യേശു) മറ്റ് വിശേഷണങ്ങളും (1:31-33, 35) രേഖപ്പെടുത്തുന്നു. പഴയനിയമത്തിലെ പല ജനനവിവരണങ്ങളുമായുള്ള ബന്ധത്തിലൂടെ ലൂക്ക സൂചിപ്പിക്കുകയാണ്, പഴയ നിയമത്തിൽ പ്രവർത്തനനിരതനായ അതേ ദൈവം വീണ്ടുമിതാ തന്റെ രക്ഷാകരപദ്ധതിയുടെ നിർണ്ണായകമായൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിയ്ക്കുന്നു. പഴയനിയമത്തിലെ പ്രവാചകരുടെ വിളി വിവരിയ്ക്കുന്ന ഭാഗങ്ങളുമായുള്ള അടുപ്പവും ഈ സുവിശേഷഭാഗത്തെ സവിശേഷശ്രദ്ധയ്ക്ക് വിധേയമാക്കുന്നുണ്ട്. പരിശുദ്ധ മറിയത്തിന്റെ പ്രധാനപ്പെട്ട ദ ൌത്യവും ദൈവത്തിന്റെ വിളിയ്ക്ക് നൽകേണ്ട മ ൌലീകമായ പ്രത്യുത്തരവും ഈ വചനഭാഗം അടിവരയിടുന്നുണ്ട്.

വചനവ്യഖ്യനം:
"ആറാം മാസം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, എലിസബത്ത് ഗര്ഭിണിയായതിന്റെ ആറാം മാസമെന്നാണ് (1:24). കഴിഞ്ഞ രംഗവുമായി ഈ ഭാഗത്തെ ബന്ധിപ്പിയ്ക്കാനാണ് ലൂക്ക ഇവിടെ ശ്രമിയ്ക്കുന്നത്. ഗബ്രിയേൽ മാലാഖ തന്നെയാണ് യോഹന്നാന്റെ ജനനവും അറിയിക്കുന്നതെന്നത് ശ്രദ്ധേയമാണ്. പക്ഷേ, ഈ ഭാഗം തൊട്ടുമുൻപുള്ള സുവിശേഷഭാഗവുമായി എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും ശ്രദ്ധിയ്േകണ്ടതുണ്ട്. യഹൂദമതത്തിന്റെ കേന്ദ്രമായ ജറുസലെം ദേവാലയവും, സഖറിയ എന്ന പുരോഹിതനുമായിരുന്നു ഇതു വരെ ശ്രദ്ധാകേന്ദ്രങ്ങൾ. ഇപ്പോൾ ആ ശ്രദ്ധ തിരിഞ്ഞിരിയ്ക്കുന്നത് പാലസ്തീനയിലെ തെക്ക് ഭാഗത്തെ ഗലീലിയ പ്രദേശത്തേക്കും, അത്ര പ്രസിദ്ധമല്ലാത്ത (കുപ്രസിദ്ധമായ; യോഹ. 1:46) നസറത്തിലേക്കുമാണ്. കേന്ദ്ര കഥാപാത്രമോ ഒരു കൊച്ചുപെൺകുട്ടിയും (13 അല്ലെങ്കിൽ 14 വയസ്സിൽ പെൺകുട്ടികൾ വിവാഹത്തിലേക്ക് പ്രവേശിച്ചിരുന്ന ഒരു കാലമായിരുന്നത്) - മേരി. സുവിശേഷകൻ യാതൊരു വിവരണവും ഈ പെൺകുട്ടിയെക്കുറിച്ച് നല്കുന്നില്ല; ആകെ പറയുന്നതിതാണ് - അവൾ ഒരു കന്യകയാണ്, ദാവീദിന്റെ വംശത്തിൽെപട്ട ജോസഫ് എന്നൊരാളുമായി വിവാഹനിശ്കയം കഴിഞ്ഞിരിയ്ക്കയാണ്.. കന്യക" എന്നതുകൊണ്ട്, വിവാഹം കഴിയാത്ത എന്നാൽ വിവാഹപ്രായമെത്തിയ ഒരു പെൺകുട്ടി എന്ന് മാത്രമല്ല ലൂക്ക ഉദ്ദേശിയ്ക്കുന്നത്, മറിച്ച് "അവൾ പുരുഷനെ അറിഞ്ഞിട്ടില്ല" (1:34) എന്നു കൂടി വ്യക്തമാക്കുകയാണ്. വിവാഹനിശ്കയം കഴിഞ്ഞു എന്ന് വ്യക്തമാക്കുന്നതിലൂടെ, അന്നത്തെ രീതിയനുസരിച്ച് അവൾ "വിവാഹിത"യായി മാറിയിരിക്കുന്നു എന്നു കൂടി മനസ്സിലാക്കണം. വിവാഹ നിശ്ചയസമയത്ത് വരൻ "വധൂ-ധനം" വധുവിന്റെ പിതാവിനെ ഏല്പ്പിച്ചിരിക്കും. ഇനിയൊരു വർഷം വധു അവളുടെ മാതാപിതാക്കളോടുകൂടിയാണ് താമസമെങ്കിലും, നിയമപരമായി തന്റെ പുരുഷന്റെ ഭാര്യയാണ്. ഈ ഒരു പശ്ചാത്തലത്തിൽ വേണം മാലാഖയുടെ സന്ദേശവും അതിന് മറിയത്തിന്റെ പ്രതികരണവും മനസ്സിലാക്കുവാൻ.

ഗലീലിയത്തിലെ നസറത്ത്, വിവാഹ നിശ്കയം കഴിഞ്ഞ ഒരു സാധാരണ പെണ്കുട്ടി - സവിശേഷമായൊരു പദ്ധതിയ്ക്കായി ദൈവം തിരഞ്ഞെടുത്തിരിക്കുന്നത് ഒരു സാധാരണ

യഹൂദന് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു കാര്യമാണ്. പക്ഷെ ഇതാണ് ദൈവനിശ്ചയം. ഈ തിരഞ്ഞെടുപ്പിലൂടെ മറിയം ദൈവകൃപ നിറഞ്ഞവളായിരിക്കുന്നു (ദൈവകൃപ നിറഞ്ഞവളായതു കൊണ്ടാണ് ദൈവം അവളെ തിരഞ്ഞെടുത്തതെന്നല്ല ഇവിടെ വിവക്ഷ!). നാടകീയമായ രീതിയിൽ എന്നാൽ ചുരുങ്ങിയ വാക്കുകളിൽ മാലാഖയും മറിയവും തമ്മിലുള്ള സംഭക്ഷണം ലൂക്ക വിവരിയ്ക്കുന്നു. ദൈവമകൻ, യാഹുദർക്കായി ഒരു മിശിഹ അവളിൽ ജനിക്കാൻ പോകുന്നുവെന്നത് നസറത്തിലെ പെൺകുട്ടിക്ക് ഗ്രഹിക്കാൻ പറ്റുന്നതിലുമപ്പുറമായിരുന്നു; അതും അവൾ ഇതു വരെ "പുരുഷനെ അറിഞ്ഞിട്ടില്ലാതിരിക്കെ"! പക്ഷെ, "ദൈവപുത്രൻ" ജനിയ്ക്കാൻ പോകുന്നത് ദൈവീകരീതിയിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലായിരിക്കുമെന്ന് മാലാഖ വ്യക്തമാക്കുന്നു. വൃദ്ധയായ, വന്ധ്യയായിരുന്ന എലിസബത്ത് ദൈവത്തിന്റെ ഇടാപെടലാൽ ഗർഭണിയായെങ്കിൽ, "കന്യക"യും ദൈവത്തിന്റെ ഇടപെടലാൽ ഗർഭണി ആകും. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല!

പഴയനിയമത്തിൽ "ദൈവവിളി"കളുടെ വിവരണം ഇവിടെ, ദൈവം നല്കുന്ന അടയാളത്തിൽ അവസാനിക്കേണ്ടതാണ്. പക്ഷെ, ഇവിടെ അവസാന വാക്ക് മരിയതിന്റേത് ആണ്: "ഇതാ കർത്താവിന്റെ ദാസി. നിന്റെ വചനം പോലെ എന്നിൽ നിറവേറട്ടെ!" (1:38). ഒരു മനുഷ്യന് ദൈവത്തിന് നല്കാവുന്ന ഏറ്റവും ഉത്തമമായ ഒരു മറുപടിയായി മറിയത്തിന്റെ വാക്കുകൾ നിലനില്ക്കുന്നു. 'ദാസി'യെന്ന് സ്വയം വിശേഷിപ്പിക്കുന്ന മറിയം, ദൈവത്തിന്റെ പദ്ധതിയ്ക്ക് തന്നെത്തന്നെ വിട്ടുകൊടുക്കുകയാണ്. ആ നിമിഷം അസാദ്ധ്യമെന്ന് കരുതപ്പെടാവുന്ന ഒന്ന് മറിയത്തിൽ സാദ്ധ്യമാവുകയാണ് - വചനം, ഒരു കന്യകയിൽ മാംസം ധരിയ്ക്കുന്നു! ദൈവം മനുഷ്യരൂപം ധരിയ്ക്കുന്നു!

സന്ദേശം:

മനുഷ്യന്റെ മുൻവിധികൾക്കൊക്കെ എതിരാണ് ദൈവത്തിന്റെ ഇടപെടലുകൾ. തെക്കെന്നോ വടക്കെന്നോ അവിടുത്തേക്ക് വ്യത്യാസമില്ല; കറുപ്പെന്നോ വെളുപ്പെന്നോ അവിടുന്ന് ഗ ൗനിക്കുന്നില്ല; നിന്റെ പ്രായമോ, നിന്റെ സ്ഥാനമോ, നിന്റെ പാരമ്പര്യമോ അല്ല അവിടുത്തെ മാനദണ്ഡമ്. "ഇതാ ഞാൻ!" എന്ന് പറയാൻ നീ ഒരുക്കമാണോ? പലതും അസാദ്ധ്യമാണെന്ന് നിന്റെ ബുദ്ധി തടസ്സം പറഞ്ഞേക്കാം; എന്നാൽ ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലെന്ന് വിശ്വസിയ്ക്കാൻ നിന്റെ ഹൃദയത്തെ ഒരുക്കണം.. എന്റെ വ്യക്തി ജീവിതത്തിലും, കുടുംബത്തിലും, സമൂഹത്തിലും എന്തേ രക്ഷകൻ പിറക്കുന്നില്ല?! "ഇതാ കർത്താവിന്റെ ദാസന്/ദാസി!" എന്ന് പ്രത്യുത്തരിക്കുന്നവർ ഇല്ലാതായോ എന്ന് ചിന്തിച്ചുനോക്കൂ!!

Fr. Milton Jacob, Calicut Diocese